പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2002 — 22.03.2012 -ൽ മറുപടിയ്ക്ക്

# അമരവിള ഔട്ട് ചെക്പോസ്റ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.ബേബി | | ശ്രീ.കെ.എം.മാണി ( ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ നികുതി വകുപ്പിന് കീഴിൽ അമരവിളയിൽ സ്ഥാപിച്ച ഔട്ട് ചെക്പോസ്റ്റിൽ വാഹനങ്ങൾ മതിയായ പരിശോധന കൂടാതെ അതിർത്തി കടത്തിവിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അമരവിളയിൽ പുതുതായി സ്ഥാപിച്ച ഔട്ട് ചെക്പോസ്റ്റ് പ്രവർത്തന സജ്ജമായിട്ടില്ല. അതിനാൽ ഇപ്പോൾ നിലവിലുള്ള ചെക്ക്പോസ്റ്റിലാണ് ഔട്ട്ചെക്പോസ്റ്റും ഇൻ ചെക്ക്പോസ്റ്റും പ്രവർത്തിക്കുന്നത്. അവിടെ മതിയായ പരിശോധന കൂടാതെ ഒരു വാഹനവും ചെക്ക്പോസ്റ്റ് കടന്നുപോകുന്നില്ല. |
| (ബി) | പ്രസ്തുത ചെക്പോസ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (ബി) | ഔട്ട് ചെക്പോസ്റ്റിന്റെ പ്രവർത്തനം പ്രത്യേകമായി ആരംഭിക്കുന്നതിനായി ഒരു containerized cabin നിർമ്മിക്കുകയും ഹൈമാസ്റ്റ് ലാംബ് ഉൾപ്പെടെയുള്ള ഇലക്ട്രിക് വർക്ക് ചെയ്ത് വൈദ്യുത കണക്ഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. തൃപ്തികരമായി പ്ലംബിംഗ് വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പി.ഡബ്ലിയു.ഡി നാഷണൽ ഹൈവേയിൽ നിന്നും റോഡ് മുറിച്ച് പൈപ്പ്ലൈൻ എടുത്ത് വാട്ടർ കണക്ഷനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. വാട്ടർ കണക്ഷൻ കിട്ടിയാലുടൻ തന്നെ ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം പുതുതായി നിർമ്മിച്ച ക്യാബിനിൽ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ